60 (969) തൊഴിൽ തർക്കങ്ങൾ

ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ.എം. മാണി :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. സി.എഫ്. തോമസ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ മേഖലകളിലെയും തൊഴിലാളികളുടെ ആനുകൂല്യങ്ങളും പരാതികളും സംബന്ധിച്ച വിവിധ വിഷയങ്ങൾ തൊഴിൽ വകുപ്പ് ഓഫീസിൽ തീർപ്പാകാതെ അവശേഷിക്കുന്നതു മൂലം തൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത്തരം കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് ഓരോ മേഖലയിലും എത്ര തൊഴിൽ തർക്കങ്ങൾ ഉണ്ടായിട്ടുണ്ടെന്നും അവയിൽ എത്രയെണ്ണം തീർപ്പാക്കിയെന്നും അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സാധാരണയായി കോടതിയിൽ നടത്തേണ്ടതായതുപോലുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടി വരുന്നതിനാലാണ് ഇത്തരം കേസുകൾ തീർപ്പാക്കുവാൻ താമസം ഉണ്ടാകുന്നത്. ഈ കേസുകൾ സമയബന്ധിതമായി തീർക്കുവാൻ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥന്മാർക്ക് ഈ കഴിഞ്ഞ മാസത്തിൽ നടത്തിയ ഡിപ്പാർട്ട്മെന്റൽ കോൺഫറൻസിൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇതുസംബന്ധിച്ച വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

61 (970) തൊഴിൽ സമരങ്ങൾമൂലം അടഞ്ഞുകിടക്കുന്ന സ്ഥാപനങ്ങൾ

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര വ്യവസായ, തൊഴിൽ സ്ഥാപനങ്ങൾ ലേ ഓഫ്, ലോക്കൗട്ട്, ക്ലോഷർ എന്നിവ മൂലം പ്രവർത്തിക്കാതിരിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സ്ഥാപനങ്ങളിൽ എത്ര വീതം തൊഴിലാളികൾ ജോലി ചെയ്തിരുന്നു എന്ന് വിശദമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രധാനപ്പെട്ട ഒത്തുതീർപ്പ് കരാറുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

---

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

(ഇ) തൊഴിൽ സമരങ്ങൾ മൂലം ഇപ്പോഴും അടഞ്ഞു കിടക്കുന്ന സ്ഥാപനങ്ങൾ ഏതൊക്കെയാണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഇപ്പോൾ ലോക്കൗട്ട്, ലേ ഓഫ്, ക്ലോഷർ എന്നിവ മൂലം യഥാക്രമം 21, 10, 12 വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ലോക്കൗട്ട് മൂലം പ്രവർത്തനമില്ലാത്ത സ്ഥാപനങ്ങളിൽ 2993 തൊഴിലാളികളും ലേ ഓഫ് മൂലം പ്രവർത്തനമില്ലാതിരുന്ന സ്ഥാപനങ്ങളിൽ 1961 തൊഴിലാളികളും ക്ലോഷർ മൂലം പ്രവർത്തിക്കാതിരുന്ന സ്ഥാപനങ്ങളിൽ 386 തൊഴിലാളികളും ജോലി ചെയ്തിരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 126 സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിച്ചിട്ടുണ്ട്.

(ഡി) ഒത്ത് തീർപ്പിന്റെ കരാറുകൾ ഓരോ സ്ഥാപനത്തിനും വ്യത്യസ്തമാണ്. അവയുടെ റിപ്പോർട്ടുകൾ സർക്കാരിന് ലഭിച്ചിട്ടില്ല.

(ഇ) താഴെ പറയുന്ന സ്ഥാപനങ്ങൾ തൊഴിൽ സമരം മൂലം ഇപ്പോഴും അടഞ്ഞു കിടക്കുന്നു.

1. പാറ്റ്സ്പിൻ ഇൻഡസ്ട്രീസ്, കഞ്ചിക്കോട്, പാലക്കാട്
2. സ്റ്റാർ കാർബൈസ്ഡ്, കഞ്ചിക്കോട്, പാലക്കാട്
3. ഫെറൂക്ക് ടൈൽസ്, കോഴിക്കോട്
4. എക്കോവുഡ് (പി) ലിമിറ്റഡ്, ആലപ്പുഴ
5. മീനാക്ഷി ടൈൽ വർക്ക്സ്, പാലക്കാട്

62 (971) പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന തൊഴിലാളി ക്ഷേമപദ്ധതികൾ

ശ്രീ. എ. അലിഹസ്സൻ :
ശ്രീ. എം.പി. വർഗ്ഗീസ് :
ശ്രീ. എം. നാരായണൻ(കുഴൽമന്ദം) :
ശ്രീ. എം.എ. തോമസ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന തൊഴിലാളി ക്ഷേമപദ്ധതികൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിന് ഈ സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്ന വിവിധ പദ്ധതികൾ വ്യക്തമാക്കാമോ;

(സി) ഓട്ടോറിക്ഷാ തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ ഇത് സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ; ടാക്സികാറുകൾ ഉൾപ്പെടെ ചെറുകിട വാഹനങ്ങളെക്കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly